## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം - 4920 18.12.2014- ൽ മറുപടിക്ക്

## കാൽനടയാത്രക്കാർക്ക് സുരക്ഷിത നടപ്പാത

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ. പി.ബി. അബ്ദുൾ റസാക്<br>ശ്രീ. പി. ഉബൈദുള്ള<br>ശ്രീ.കെ.എൻ.എ.ഖാദർ | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളിൽ കാൽനടയാത്രക്കാർക്ക് സുരക്ഷിത നടപ്പാതയും, ക്രോസിംഗിനുള്ള സൗകര്യങ്ങളും ഏർപ്പെടുത്തുന്ന കാര്യത്തിൽ നയം വ്യക്തമാക്കുമോ ; | (എ) കാൽനടയാത്രക്കാർക്ക് സുരക്ഷിതമായി നടക്കുന്നതിന് ഇരു വശങ്ങളിലും നടപ്പാതയും, പ്രധാന ക്രോസിംഗുകളിൽ കാൽനടയാത്രക്കാർക്ക് സുരക്ഷിതമായി റോഡ് മുറിച്ചു കടക്കുന്നതിനു വേണ്ടി സീബ്രാ ക്രോസിംഗും ഏർപ്പെടുത്താറുണ്ട്. പുതുതായി നിർമ്മിക്കുന്ന റോഡുകളിലും Resurfacing നടത്തുമ്പോഴും, കാൽനടയാത്രക്കാർക്ക് ക്രോസിംഗിനായി സീബ്രാലൈനുകൾ വരയ്ക്കാറുണ്ട്. |
| (ബി) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ എത്ര കിലോമീറ്റർ റോഡുകളാണുള്ളതെന്നും, അതിൽ എത്ര കിലോമീറ്റർ സുരക്ഷിത നടപ്പാതയാണ് നിലവിലുള്ളതെന്നും വിശദമാക്കുമോ ; | (ബി) പൊതുമരാമത്ത് വകുപ്പിന് കീഴിൽ 31812 കി.മി. റോഡുകളാണുള്ളത്. ഇതിൽ നഗര പ്രദേശങ്ങളിൽ വരുന്ന വളരെ കുറച്ച് ദൈർഘ്യം മാത്രമേ നടപ്പാത പണിതിട്ടുള്ളൂ. ഇതിന്റെ സ്ഥിതിവിവര കണക്ക് ശേഖരിച്ചു വരുന്നു. |
| (സി) നിരവധി ജില്ലാ, ഗ്രാമ റോഡുകളിൽ നടപ്പാത നിർമ്മിക്കാനാവശ്യമായ സ്ഥലം ഒഴിഞ്ഞു കിടപ്പുള്ളത് ഉപയോഗപ്പെടുത്തി സുരക്ഷിത നടപ്പാത നിർമ്മിക്കുന്നതിനുള്ള സമഗ്ര പദ്ധതി ആവിഷ്കരിച്ചു നടപ്പാക്കുമോ ? | (സി) നഗര പ്രദേശങ്ങളിലും തിരക്കേറിയ സ്ഥലങ്ങളിലും സ്ഥല ലഭ്യതയുണ്ടെങ്കിൽ സുരക്ഷിത നടപ്പാത പണിയുന്ന കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ